**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2341** **12-12-2022 - ൽ മറുപടിയ്ക്ക്**

**താൽക്കാലിക നിയമനങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി)** | |
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിലും വനിതാ ശിശു വികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; | (എ) | **ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ വകുപ്പിലും വനിതാ ശിശുവികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുമായി ഡോക്ടർമാർ, നഴ്സ്, JPHN തുടങ്ങിയ പാരാമെഡിക്കൽ വിഭാഗം ജീവനക്കാർ ഉൾപ്പെടെ വിവിധ തസ്തികകളിലായി 15645 താല്ക്കാലിക കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്.** |
| (ബി) | ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം 36,29,51,485 രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത് വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | എംപ്ലോയ്മെന്റ് മുഖേന 1469 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും എൻ.എച്ച്.എം മുഖേന നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച് ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യത ഉള്ളവരുടെ എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി തെരഞ്ഞെടുത്തു നിശ്ചിത കാലത്തേക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച് നിയമനം നടത്തുന്നു.<br><br>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എച്ച്.എം.സി/ എച്ച്.ഡി.സി മാനദണ്ഡങ്ങൾ പ്രകാരവും, അഡ്ഹോക്ക് നിയമനങ്ങൾ ഡി.എം.ഒ-ൽ വാക്ക്-ഇൻ ഇന്റർവ്യൂവിലൂടെയുമാണ് നടത്തുന്നത്.<br><br>പത്രമാധ്യമങ്ങളിലൂടെ നോട്ടിഫിക്കേഷൻ ക്ഷണിച്ച് എഴുത്തുപരീക്ഷ/അഭിമുഖം എന്നിവ നടത്തിയാണ് മറ്റ് ജീവനക്കാരെ കരാർ വ്യവസ്ഥയിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിയമിക്കുന്നത്.<br><br>വനിതാ ശിശു വികസന വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് പുറമേയുള്ള നിയമനങ്ങൾ Centre for Management |

| | | | |
|---|---|---|---|
| | | | Development (CMD), സർക്കാർ പ്രതിനിധികളും, വിഷയ വിദഗ്ധരും ചേർന്ന സെലക്ഷൻ കമ്മിറ്റി, ജില്ലാ വനിതാ ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, വിഷയ വിദശ്ധ എന്നിവർ ചേർന്ന ജില്ലാതല കമ്മിറ്റി, ജില്ലാ വനിതാ ശിശു വികസന ഓഫീസർ കൺവീനറായുള്ള കമ്മിറ്റി എന്നിവയിലൂടെയാണ് നടത്തുന്നത്. |

സെക്ഷൻ ഓഫീസർ

**പതിനഞ്ചാം കേരള നിയമസഭ**

**ഏഴാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 2341      12.12.2022 ൽ മറുപടിക്ക്

## താൽക്കാലിക നിയമനങ്ങൾ

| ചോദ്യം<br>ശ്രീ . സണ്ണി ജോസഫ് | | ഉത്തരം<br>വീണാ ജോർജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ മന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ വകുപ്പിലും വനിതാ ശിശു വികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലും എത്ര താൽക്കാലിക നിയമനങ്ങളും കരാർ നിയമനങ്ങളും നടത്തിയിട്ടുണ്ട്; ഏതൊക്കെ തസ്തികകളിലാണ് ഇപ്രകാരം നിയമനം നടത്തിയിട്ടുള്ളത്; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ആരോഗ്യ വകുപ്പിലും വനിതാ ശിശുവികസന വകുപ്പിലും വകുപ്പിന്റെ നിയന്ത്രണത്തിലുള്ള സ്ഥാപനങ്ങളിലുമായി ഡോക്ടർമാർ, നഴ്സ്, JPHN തുടങ്ങിയ പാരാമെഡിക്കൽ വിഭാഗം ജീവനക്കാർ ഉൾപ്പെടെ വിവിധ തസ്തികകളിലായി 15645 താല്ക്കാലിക കരാർ നിയമനങ്ങൾ നടത്തിയിട്ടുണ്ട്. |
| (ബി) | ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം അനുവദിച്ച ആകെ തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | (ബി) | ഇപ്രകാരം നിയമിതരായവർക്ക് വേതനവും മറ്റ് ആനുകൂല്യങ്ങളുമായി 2022 ഒക്ടോബർ മാസം 36,29,51,485 രൂപ അനുവദിച്ചിട്ടുണ്ട്. |
| (സി) | ഇതിൽ എംപ്ലോയ്മെന്റ് മുഖേന നടത്തിയ നിയമനങ്ങൾ എത്രയാണ്; മറ്റുള്ള നിയമനങ്ങളിൽ റിക്രൂട്ട്മെന്റിനായി അവലംബിച്ച മാർഗം ഏതാണ്; ഏത് ഏജൻസി മുഖേനയാണ് നിയമനം നടത്തിയത് വിശദാംശങ്ങൾ വ്യക്തമാക്കുമോ? | (സി) | എംപ്ലോയ്മെന്റ് മുഖേന 1469 നിയമനങ്ങൾ നടത്തിയിട്ടുണ്ട്. സംസ്ഥാനതലത്തിലും, ജില്ലാതലത്തിലും എൻ.എച്ച്.എം മുഖേന നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച ലഭിക്കുന്ന അപേക്ഷകളിൽ നിന്നും യോഗ്യത ഉള്ളവരുടെ എഴുത്ത് പരീക്ഷ, അഭിമുഖം എന്നിവ നടത്തി തെരഞ്ഞെടുത്ത് നിശ്ചിത കാലത്തേക്ക് റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ച നിയമനം |

| | | | |
|---|---|---|---|
| | | | നടത്തുന്നു.<br>ആരോഗ്യ വകുപ്പ് ഡയറക്ടറേറ്റിൽ എച്ച്.എം.സി/എച്ച്.ഡി.സി മാനദണ്ഡങ്ങൾ പ്രകാരവും, അഡ്ഹോക്ക് നിയമനങ്ങൾ ഡി.എം.ഒ-ൽ വാക്ക്-ഇൻ ഇന്റർവ്യൂവിലൂടെയുമാണ് നടത്തുന്നത്.<br>പത്രമാധ്യമങ്ങളിലൂടെ നോട്ടിഫിക്കേഷൻ ക്ഷണിച്ച് എഴുത്തുപരീക്ഷ/അഭിമുഖം എന്നിവ നടത്തിയാണ് മറ്റ് ജീവനക്കാരെ കരാർ വ്യവസ്ഥയിൽ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ നിയമിക്കുന്നത്.<br>വനിതാ ശിശു വികസന വകുപ്പിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേനയുള്ള നിയമനങ്ങൾക്ക് പുറമേയുള്ള നിയമനങ്ങൾ Centre for Management Development (CMD), സർക്കാർ പ്രതിനിധികളും, വിഷയ വിദഗ്ധരും ചേർന്ന സെലക്ഷൻ കമ്മിറ്റി, ജില്ലാ വനിതാ ശിശു വികസന ഓഫീസർ, പ്രോഗ്രാം ഓഫീസർ, വിഷയ വിദഗ്ധ എന്നിവർ ചേർന്ന ജില്ലാതല കമ്മിറ്റി, ജില്ലാ വനിതാ ശിശു വികസന ഓഫീസർ കൺവീനറായുള്ള കമ്മിറ്റി എന്നിവയിലൂടെയാണ് നടത്തുന്നത്. |

Hari

സെക്ഷൻ ഓഫീസർ